# കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

## വിദ്യാലയ സുരക്ഷ

### ക്യാമ്പസിലെ ഘടനാപരമല്ലാത്ത ഘടകങ്ങളുടെ പരിശോധന പട്ടിക (Checklist for Non-Structural Elements Inside the Campus)

| ക്ര. നം. | അപകട സാധ്യതയുണ്ടാകുന്ന വസ്തു | ഈ വസ്തു വിദ്യാലയത്തിൽ ഉണ്ടോ? (✓ or X) | ഈ വസ്തു സ്ഥലം മാറ്റി സ്ഥാപിക്കുകയോ / ശരിയായി ഘടിപ്പിക്കുകയോ / അറ്റകുറ്റപ്പണികൾ നടത്തുകയോ/ പ്രത്യേകമായി സൂക്ഷിക്കുകയോ ചെയ്യേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എന്ത്? | വസ്തുവിന്റെ എണ്ണം |
|---|---|---|---|---|
| A | **ബാഹ്യ-വാസ്തുശില്പപരമായ കെട്ടിട ഭാഗങ്ങൾ** | | | |
| 1 | ചുമരിലെ ക്ലാഡിങ് (ഉദാ: കല്ല്/ ഇഷ്ടിക/ ചെങ്കല്ല് ക്ലാഡിങ്) | | | |
| 2 | വിള്ളലുള്ള അടർന്നിളകി വീഴാൻ സാധ്യതയുള്ള സിമന്റ് പൂശൽ (Plastering) | | | |
| 3 | പൊട്ടിയ സൺഷേഡുകൾ | | | |
| 4 | ടെറസിലെ പാരപ്പെറ്റ് | | | |
| 5 | ഗോവണികളുടെ/റാമ്പുകളുടെ കൈവരികൾ | | | |
| 6 | വരാന്തയിലെ കൈവരികൾ/ അരമതിൽ | | | |
| B | **നീക്കാവുന്ന ഫർണിച്ചർ** | | | |
| 7 | ബുക്ക് ഷെൽഫ് | | | |
| 8 | ഡിസ്പ്ലേ കബോർഡ് | | | |
| 9 | ഫയൽ ക്യാബിനറ്റ് | | | |
| 10 | സ്റ്റോറേജ് ക്യാബിനറ്റ് | | | |
| 11 | മറ്റ് അലമാരകൾ | | | |
| 12 | ബ്ലാക്ക്ബോർഡ് / ഗ്രീൻ ബോർഡ് | | | |
| 13 | നീക്കാവുന്ന പാർട്ടീഷനുകൾ | | | |
| 14 | സൈനേജ് ബോർഡുകൾ | | | |
| C | **ചുമരിൽ ഘടിപ്പിച്ച വസ്തുക്കൾ** | | | |
| 15 | ഷെൽഫ് | | | |
| 16 | ക്യാബിനറ്റ് | | | |
| 17 | ഫ്രെയിം ചെയ്ത ചിത്രങ്ങൾ/ ഫോട്ടോകൾ | | | |
| 18 | നോട്ടീസ് ബോർഡ് | | | |
| D | **ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് ഉപകരണങ്ങളും മറ്റുപകരണങ്ങളും** | | | |
| 19 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | | | |
| 20 | പ്രിൻറർ/ സ്കാനർ/ ഫോട്ടോകോപ്പി മെഷീൻ | | | |
| 21 | ലബോറട്ടറി ഉപകരണങ്ങൾ | | | |
| 22 | തൂങ്ങി കിടക്കുന്ന ലൈറ്റ് | | | |
| 23 | സീലിങ് ഫാൻ | | | |
| 24 | പെഡസ്റ്റൽ ഫാൻ | | | |
| 25 | ടെലിവിഷൻ | | | |
| 26 | എയർ കണ്ടീഷണർ | | | |
| 27 | പ്രൊജക്ടർ | | | |
| 28 | സി.സി.ടി.വി | | | |
| 29 | പബ്ലിക് ഓഡിയോ സിസ്റ്റം (ഉദാ: ഉച്ചഭാഷിണി) | | | |
| 30 | അഗ്നിശമനോപകരണങ്ങൾ | | | |
| 31 | അടുക്കള ഉപകരണങ്ങൾ | | | |
| 32 | കുടിവെള്ള ഫിൽറ്റർ | | | |
| E | **അപകട സാധ്യതയുള്ള വസ്തുക്കൾ** | | | |
| 33 | രാസവസ്തുക്കൾ | | | |
| 34 | തീ പിടിക്കാൻ സാധ്യതയുള്ള വസ്തുക്കൾ | | | |
| 35 | അടുക്കളയിലെ ഇന്ധനം | | | |
| F | **കെട്ടിടത്തിന് മുകളിലുള്ള വസ്തുക്കൾ** | | | |
| 36 | ജല സംഭരണി (Water tank) | | | |
| 37 | ഡിഷ് ആന്റിന | | | |
| 38 | ചെടിച്ചട്ടികൾ | | | |
| 39 | കണ്ടെൻസർ (എയർ കണ്ടീഷണറിന്റെ ഔട്ട്സൈഡ് യൂണിറ്റ്) | | | |
| G | **കെട്ടിടങ്ങൾക്ക് പുറത്തുള്ള മറ്റ് ഘടകങ്ങൾ** | | | |
| 40 | ചുറ്റമതിൽ | | | |
| 41 | ആൾമറയില്ലാത്ത കിണർ | | | |
| 42 | ക്യാമ്പസ്സിനകത്തുള്ള മറ്റ് ജലാശയം, നീന്തൽക്കുളം എന്നിവ | | | |
| 43 | ക്യാമ്പസ്സിനകത്തുള്ള പാറക്കെട്ടുകൾ | | | |
| 44 | ക്യാമ്പസ്സിനകത്തുള്ള കുഴികൾ | | | |
| 45 | വിദ്യാലയത്തിന്റെ വാഹനങ്ങൾ (ഉദാ: ബസ്, വാൻ) | | | |
| 46 | ഉപയോഗശൂന്യമായ കെട്ടിടങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ, അപകട സാധ്യത സൃഷ്ടിക്കുന്ന പാഴ്‌വസ്തുക്കൾ എന്നിവ | | | |

| ക്ര. നം. | മറ്റ് ചോദ്യങ്ങൾ | ✓ അല്ലെങ്കിൽ X അടയാളപ്പെടുത്തുക |
|---|---|---|
| 47 | രണ്ടിൽ കൂടുതൽ നിലകൾ ഉള്ള കെട്ടിടങ്ങളിൽ ഫയർ എസ്കേപ്പ് സ്റ്റെയർകേസ് ഉണ്ടോ? | |
| 48 | ഫയർ എസ്കേപ്പ് സ്റ്റെയർകേസ് ഉൾപ്പെടെ എല്ലാ സ്റ്റെയർകേസുകളിലൂടെയും തടസ്സരഹിതമായ സഞ്ചാരം സാധ്യമാണോ? | |
| 49 | സ്റ്റെയർകേസുകളിലും അവയുടെ കീഴിലും ഫർണിച്ചറോ മറ്റ് വസ്തുക്കളോ സൂക്ഷിച്ചിട്ടുണ്ടോ? | |
| 50 | കെട്ടിടത്തിന്റെ പുറത്തേക്കിറങ്ങാനുള്ള എക്സിറ്റ്/ ഇവാക്വേഷൻ റൂട്ടുകളിൽ നിന്നും ആവശ്യമെങ്കിൽ ഷെൽഫുകളും മറ്റ് വസ്തുക്കളും എടുത്തു മാറ്റി വഴി തടസ്സരഹിതമാക്കിയിട്ടുണ്ടോ? | |
| 51 | ദുരന്തസമയങ്ങളിൽ ആളുകളെ ഒഴിപ്പിക്കുവാൻ ഉള്ള എക്സിറ്റ്/ ഇവാക്വേഷൻ റൂട്ടുകൾ, ഫയർ എസ്കേപ്പ് സ്റ്റെയർകേസുകൾ എന്നിവ വിദ്യാലയത്തിൽ വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ടോ? | |





Generated from eOffice by Jesus Priya D S, DM1 DCWYD, DM1 DCWYD, District Collectorate Wayanad on 21/07/2026 04:10 PM

| | | |
|---|---|---|
| 52 | എക്സിറ്റ് റൂട്ടുകൾ, സ്റ്റെയർകേസുകൾ, റാമ്പുകൾ എന്നിവിടങ്ങളിൽ തെന്നാത്ത പ്രതലമുള്ള തറയാണോ? | |
| 53 | തറ (floor) കേടുപാടുകൾ ഇല്ലാത്തതും സുരക്ഷിതവും വൃത്തിയുള്ളതുമാണോ? | |
| 54 | അപകട സാഹചര്യങ്ങളിൽ ഒത്തു ചേരാൻ വ്യക്തമായി അടയാളപ്പെടുത്തിയ അസംബ്ലി പോയിന്റ് ക്യാമ്പസിൽ ഉണ്ടോ? | |
| 55 | വിദ്യാലയത്തിന്റെ എല്ലാ ഭാഗങ്ങളും കേൾക്കുന്ന തരത്തിൽ ഒരു ഇവാക്വേഷൻ അലാറം വിദ്യാലയത്തിൽ ഉണ്ടോ? | |
| 56 | ലാബുകളിൽ അപകടസാധ്യതയുള്ള വസ്തുക്കൾ തിരിച്ചറിയുന്നതിനായി കൃത്യമായി ലേബൽ രേഖപ്പെടുത്തി സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ടോ? | |
| 57 | ലാബുകളിൽ കണ്ണ് കഴുകുന്നതിനുള്ള സൗകര്യം ഉണ്ടോ? | |
| 58 | വിദ്യാലയത്തിന് അനുയോജ്യമായ അഗ്നിശമനോപകരണങ്ങൾ ഏവർക്കും പ്രാപ്യമായ രീതിയിൽ, വ്യക്തമായി അടയാളപ്പെടുത്തി, പതിവായി പരിശോധിച്ച് സൂക്ഷിക്കുന്നുണ്ടോ? | |
| 59 | അടുക്കളയിൽ അഗ്നിശമനോപകാരണം ഉണ്ടോ? | |
| 60 | വിദ്യാലയത്തിന് അനുയോജ്യമായ പ്രഥമ ശുശ്രൂഷ കിറ്റ് ഏവർക്കും പ്രാപ്യമായ രീതിയിൽ, പതിവായി പരിശോധിച്ച് സൂക്ഷിക്കുന്നുണ്ടോ? | |
| 61 | ചലനശേഷി പരിമിതരായ വിദ്യാർത്ഥികൾക്ക് ഗ്രൗണ്ട് ഫ്ലോറിൽ ക്ലാസ്സ്‌റൂം നൽകിയിട്ടുണ്ടോ? | |
| 62 | ചലനശേഷി പരിമിതരായ വിദ്യാർത്ഥികൾക്കുള്ള ഇരിപ്പിടം വാതിലിനു സമീപമാണോ? | |
| 63 | എല്ലാ മുറികളിലും ആവശ്യമായ കാറ്റും വെളിച്ചവും കടക്കുന്നുണ്ടോ? | |
| 64 | വിദ്യാലയത്തിൽ ഏതെങ്കിലും രീതിയിൽ ഉള്ള കെട്ടിടനിർമ്മാണം നടക്കുന്നുണ്ടോ? | |
| 65 | കെട്ടിടങ്ങൾക്കോ കുട്ടികൾക്കോ അപകട സാധ്യത സൃഷ്ടിക്കുന്ന തരത്തിലുള്ള മരങ്ങൾ ക്യാമ്പസിൽ ഉണ്ടോ? | |
| 66 | അപകട സാധ്യത സൃഷ്ടിക്കുന്ന ജീവികളുടെ സാന്നിധ്യം ക്യാമ്പസിൽ ഉണ്ടോ? | |
| 67 | പോലീസ് സ്റ്റേഷന്റെയും ഫയർ സ്റ്റേഷന്റെയും ഫോൺ നമ്പറുകൾ വിദ്യാലയത്തിൽ ഉണ്ടോ? | |
| 68 | എല്ലാ വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെ ഫോൺ നമ്പറുകൾ വിദ്യാലയത്തിന്റെ കൈവശമുണ്ടോ? | |
| 69 | അടിയന്തിരഘട്ട ചെലവുകൾക്കായി പ്രത്യേകം ബഡ്ജറ്റ് ഉണ്ടോ? | |

**എന്താണ് സ്കൂൾസുരക്ഷ?**

ഒരു വിദ്യാർത്ഥി വീട്ടിൽ നിന്നിറങ്ങുന്നത് മുതൽ, സ്കൂളിൽ ചെന്ന് അധ്യയനം നടത്തി വീട്ടിൽ തിരിച്ചെത്തുന്നത് വരെയുള്ള എല്ലാ സുരക്ഷാ സംബന്ധിയായ വിഷയങ്ങളെയും സ്കൂൾ സുരക്ഷയായി നിർവചിക്കാം എന്ന് സ്കൂൾസുരക്ഷാ മാർഗനിർദേശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളത് പോലെ തന്നെ പ്രകൃതി - കാലാവസ്ഥാ ബന്ധിതമായ ദുരന്തങ്ങൾ, മനുഷ്യനിർമ്മിതങ്ങളായ അപകടസാധ്യതകൾ, ചെറിയതോതിലുള്ള തീപിടുത്തങ്ങൾ, വാഹനഗതാഗത സൗകര്യങ്ങളുമായി ബന്ധപ്പെട്ട അപകടങ്ങൾ, അടിയന്തിരഘട്ടങ്ങൾ, അക്രമസംഭവങ്ങൾ തുടങ്ങി കുട്ടികളുടെ ജീവനും നിലനിൽപ്പിനും ഭീഷണിയായുള്ള ഏതു അവസ്ഥകളെയും സ്കൂൾ സുരക്ഷാപ്രശ്നമായി പരിഗണിക്കാം.

വിദ്യാഭ്യാസം നേടുക എന്നത് കുട്ടികളുടെ അടിസ്ഥാനവകാശമായി ഇന്ത്യൻ ഭരണഘടന പ്രഖ്യാപിക്കുന്നുണ്ട്. ഇന്ത്യൻ പശ്ചാത്തലത്തിൽ 'കുട്ടികൾ' എന്ന വിഭാഗത്തിന്റെ ഏറ്റവും പുതിയ നിർവചനം 2013 ലെ കുട്ടികൾക്ക് വേണ്ടിയുള്ള ദേശീയ നയത്തിൽ പ്രതിപാദിക്കുന്ന 18 വയസ്സും അതിനു താഴെയുമുള്ളവരും എന്നതാണ്. അതിനു ശേഷം പാസ്സാക്കപ്പെട്ട വിവിധ നിയമനിർമ്മാണങ്ങളിലും ഈ പരിധി തന്നെയാണ് പിന്തുടരുന്നത്. ഈ നിയമങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ കുട്ടികൾക്ക് സുരക്ഷിതമായ പഠനാന്തരീക്ഷം ഒരുക്കി കൊടുക്കുക, വിവിധ അപകടസാധ്യതകളെപറ്റിയുള്ള ബോധ്യം കുട്ടികൾക്കു ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങളാണ് സ്കൂൾസുരക്ഷാപ്രവർത്തനങ്ങൾ മുന്നോട്ട് വയ്ക്കുന്നത്.

വിദ്യാലയസുരക്ഷയുമായുള്ള ബന്ധത്തിൽ ഓരോ വിദ്യാലയത്തിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ പ്രധാനമായും ആറു ഘട്ടങ്ങളായി തിരിക്കാം.

1. **സ്കൂൾ സുരക്ഷാ സമിതി രൂപീകരണം (school DM/Safety committee)**
2. **അപകടസാധ്യതാവലോകനം ( Hazard Hunt)**
3. **സ്കൂൾ സുരക്ഷാ പദ്ധതി തയ്യാറാക്കൽ (school DM plan / school safety plan)**
4. **മുന്നൊരുക്കങ്ങൾ – പരിശീലനങ്ങൾ, മോക്ക് ഡ്രിൽ എന്നിവ (trainings and mock drills)**
5. **പരിഹാരങ്ങൾ (solution)**
6. **പരിഷ്കരണം (updatiing)**



ile No. DCWYD/4495/2026-DM1 (Computer No. 250169)

# വിദ്യാലയസുരക്ഷ – പ്രവർത്തനങ്ങൾ




**I. സ്കൂൾ സുരക്ഷാ സമിതി രൂപീകരണം**

സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട ഒരു സമിതി രൂപീകരിക്കുക എന്നത് ഇതിൽ പ്രധാനപ്പെട്ട പ്രവർത്തനമാണ്. വിദ്യാലയവുമായുള്ള ബന്ധത്തിൽ വിവിധ അപകടസാധ്യതകളെ തിരിച്ചറിഞ്ഞ്, മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ദുരന്തപ്രതികരണ നടപടികൾ സ്വീകരിക്കാനും ബാധ്യസ്ഥമാണ് ഈ സമിതി. ദേശീയ സ്കൂൾ സുരക്ഷാമാർഗനിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള മാതൃകാ സ്കൂൾ സുരക്ഷാ സമിതി ചുവടെ ചേർത്തിരിക്കുന്നു. പ്രാദേശിക അപകടസാധ്യതകൾക്കനുസരിച്ച് വ്യത്യസ്ത വകുപ്പുകളിൽ നിന്നുള്ള മറ്റ് പ്രതിനിധികളെയും ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.

1. അധ്യക്ഷൻ – സ്കൂൾ മേധാവി
2. കുറഞ്ഞത് രണ്ട് അധ്യാപക പ്രതിനിധികൾ
3. സ്കൂളിന്റെ ചുമതലയിലുള്ള വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥൻ
4. അധ്യാപക രക്ഷാകർതൃസമിതിയുടെ അധ്യക്ഷൻ
5. വിദ്യാർഥി പ്രതിനിധികൾ – ആൺകുട്ടികളിൽ നിന്നും പെൺകുട്ടികളിൽ നിന്നും ഒന്ന്/രണ്ട് പ്രതിനിധികൾ വീതം
6. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ഒരു പ്രതിനിധി
7. ദുരന്തനിവാരണം/ റവന്യൂ വകുപ്പിൽ നിന്ന് ഒരു പ്രാദേശിക പ്രതിനിധി
8. അഗ്നിശമന സേനയിൽ നിന്നുള്ള ഒരു പ്രാദേശിക പ്രതിനിധി
9. പോലീസ് സേനയിൽ നിന്നുള്ള ഒരു പ്രാദേശിക പ്രതിനിധി
10. ആരോഗ്യവകുപ്പിന്റെ പ്രാദേശിക പ്രതിനിധി (പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ മെഡിക്കൽ ഓഫീസർ)



File No. DCWYD/4495/2026-DM1 (Computer No. 250169)

11. സിവിൽ ഡിഫൻസ് വാർഡൻ

12. മറ്റ് അപകടസാധ്യതകളുമായി ബന്ധപ്പെട്ട് അധ്യക്ഷൻ നിർദ്ദേശിക്കുന്ന വകുപ്പുകളിലെ പ്രതിനിധികൾ (വനം വന്യജീവി വകുപ്പ്, മലിനീകരണനിയന്ത്രണ ബോർഡ്, വ്യവസായ വകുപ്പ് , കെ എസ് ഇ ബി, മോട്ടോർവാഹന വകുപ്പ് തുടങ്ങിയവ)

ഉദാ: വന്യജീവിപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സ്കൂളിൽ വനം വന്യജീവി വകുപ്പിന്റെ ഒരുദ്യോഗസ്ഥൻ സ്കൂൾ സുരക്ഷാ സമിതിയുടെ ഭാഗമാകാവുന്നതാണ്.

എല്ലാ അടിയന്തിര ഘട്ടങ്ങളിലും ആദ്യപ്രതികരണം നടത്തുന്നത് പ്രാദേശിക ജനത ആയതിനാൽ പ്രാദേശിക ഭരണസംവിധാനവുമായി ബന്ധപ്പെട്ട ഒരു അംഗമോ പ്രാദേശിക സന്നദ്ധപ്രവർത്തകരുടെ ഒരു പ്രതിനിധിയോ നിശ്ചയമായും അംഗമായിരിക്കേണം.

**സമിതിയോഗങ്ങൾ**

ഒരു അധ്യയനവർഷത്തിൽ കുറഞ്ഞത് രണ്ടു പ്രാവശ്യം സമിതി കൂടി വരേണ്ടതാണ്. ഇതിൽ ആദ്യത്തെ കൂടിവരവിൽ സ്കൂളുമായി ബന്ധപ്പെട്ട സുരക്ഷാ പ്രശ്നങ്ങളുടെ ഒരു പട്ടിക (സുരക്ഷാ ഓഡിറ്റിന്റെ അഥവാ ഹസാർഡ് ഹന്റിന്റെ - അപകടസാധ്യതാ വേട്ട) തയ്യാറാക്കി ചർച്ച ചെയ്യേണ്ടതാണ്. ആ വർഷത്തെ വിവിധ സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയുമാവാം. രണ്ടാമത്തെ കൂടിവരവ് അധ്യയനവർഷതിന്റെ അവസാനം അവലോകനം എന്ന നിലക്ക് നടത്താവുന്നതാണ്.

**ഉത്തരവാദിത്തങ്ങൾ**

സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക, സുരക്ഷാപ്രശ്നങ്ങൾ പരിഹരിക്കുക, അവബോധം നൽകുക എന്നതാണ് സമിതി കൊണ്ടുദ്ദേശിക്കുന്നത്. ഘടനാപരമായ സുരക്ഷ, ഘടനാപരമല്ലാത്ത സുരക്ഷ, പ്രഥമശുശ്രൂഷ, അഗ്നിസുരക്ഷ, അവബോധ ക്ലാസ്സുകൾ, പ്രകൃതി ദുരന്തങ്ങളുമായുള്ള ബന്ധത്തിൽ നടത്തേണ്ട പ്രതികരണം എന്നിങ്ങനെ സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട വ്യത്യസ്തവിഷയങ്ങൾ കൈകാര്യം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ഇതിൽ സ്കൂളിനു പ്രധാനപ്പെട്ടത് എന്ന് തോന്നുന്ന വിഷയങ്ങളിൽ ഉപസമിതികൾ രൂപീകരിച്ചു വാർഷിക പരിപാടികൾ നടപ്പിലാക്കാവുന്നതാണ്. ഉദാഹരണത്തിന് അഗ്നിസുരക്ഷാ ഉപസമിതിക്ക്, ആ വിഷയവുമായി ബന്ധപ്പെട്ട അവബോധ ക്ലാസ്സുകൾ, അഗ്നിരക്ഷാ വകുപ്പുമായി ബന്ധപ്പെട്ടുള്ള പരിപാടികൾ, ഒഴിപ്പിക്കൽ മോക്ക് ഡ്രിൽ എന്നിവ ആസൂത്രണം ചെയ്തു നടപ്പിലാക്കാവുന്നതാണ്. അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട എല്ലാറ്റിനും ഈ ഉപസമിതിയെ ബന്ധപ്പെടാവുന്നതാണ്. സ്കൂൾ നേരിടാൻ സാധ്യതയുള്ള



File No. DCWYD/4495/2026-DM1 (Computer No. 250169)

അപകടസാധ്യതകൾ കണ്ടെത്തി അവ പരിഹരിക്കാനും മുന്നൊരുക്കങ്ങൾ നടത്താനും സ്കൂൾ സുരക്ഷാ സമിതിക്കാവണം. സ്കൂൾ സുരക്ഷാ സമിതിയിലെ അംഗങ്ങളുടെ പേരുകളും ഫോൺ നമ്പരുകളും പൊതുവിൽ പ്രദർശിപ്പിക്കുന്നതും ഉചിതമായിരിക്കും.

## II. അപകടസാധ്യതാ അവലോകനം (Hazard Hunt) അഥവാ സുരക്ഷാ ഓഡിറ്റ്

സ്കൂളുമായുള്ള ബന്ധത്തിൽ വിവിധ അപകട സാധ്യതകൾ മനസ്സിലാക്കുകയും അവ പരിഹരിക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ഈ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. വിദ്യാലയ സുരക്ഷയുടെ നിർവചനവുമായി ബന്ധപ്പെടുത്തി വേണം അപകടസാധ്യതകളുടെ പട്ടിക തയ്യാറാക്കാൻ. കുട്ടികളുടെ സുരക്ഷയാണ് ഇവിടെ പ്രധാനം എന്നത് കൊണ്ട് തന്നെ കുട്ടികളെ ഉൾപ്പെടുത്തി, സ്കൂൾ സുരക്ഷാസമിതിയുടെ സഹകരണത്തോടെ ഈ അവലോകനം അഥവാ ആക്ഷരികാർത്ഥത്തിൽ 'അപകടസാധ്യതാ വേട്ട' അധ്യയനവർഷത്തിന്റെ ആദ്യമാസങ്ങളിൽ തന്നെ നടത്താൻ കഴിയണം. മുൻപ് വിവിധ ദുരന്തങ്ങൾ അഭിമുഖീകരിച്ചിട്ടുണ്ടെങ്കിൽ അവയെ അധിഷ്ഠിതമാക്കി അപകട സാധ്യതകൾ അഥവാ സുരക്ഷാ പ്രശ്നങ്ങളുടെ പട്ടിക തയ്യാറാക്കാം. അപകടസാധ്യതകൾ എല്ലാം തന്നെ ഉൾപ്പെടുത്തുന്നതും അവയുടെ തീവ്രതയെപ്പറ്റിയുള്ള പ്രാദേശിക ധാരണകൾ അവതരിപ്പിക്കുന്നതും ഉചിതമായിരിക്കും

ഈ പട്ടിക തയ്യാറാക്കുന്നത് ലളിതമാക്കാൻ, അവയെ മൂന്നായി തരം തിരിക്കുന്നത് ഉചിതമായിരിക്കും. സ്കൂളിനു പുറത്തുള്ളവ, സ്കൂൾ പരിസരവുമായി ബന്ധപ്പെട്ടവ, സ്കൂൾ കെട്ടിടവുമായി ബന്ധപ്പെട്ടവ.

- **സ്കൂളിനു പുറത്തുള്ള അപകടസാധ്യതകൾ**

  വിദ്യാർത്ഥികളുമായി നേരിട്ട് ബന്ധമുള്ള, സ്കൂൾ കെട്ടിടത്തിനും പരിസരത്തിനും പുറത്തുള്ള, എല്ലാ സുരക്ഷാ പ്രശ്നങ്ങളെയും അപകടസാധ്യതകളെയും ഈ ഗണത്തിൽപ്പെടുത്താം. വിദ്യാർഥികൾ വീട്ടിൽ നിന്ന് യാത്ര തിരിക്കുന്നതു മുതൽ സ്കൂളിലെത്തുന്നത് വരെയുള്ള എല്ലാ സുരക്ഷാപ്രശ്നങ്ങളും ഇവിടെ പ്രതിപാദിക്കാം. തിരികെയുള്ള യാത്രയും പരിഗണിക്കേണ്ടതാണ്. റോഡ് സുരക്ഷാ, വാഹന സുരക്ഷ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, താപാഘാതം, സാംക്രമികരോഗങ്ങൾ, അഗ്നിബാധ, കടൽക്ഷോഭം, നദി, തോട് തുടങ്ങിയവ സമീപത്തുള്ളത്, അക്രമസംഭവങ്ങൾ, കലാപങ്ങൾ തുടങ്ങി വ്യത്യസ്തങ്ങളായ അപകട സാധ്യതകൾ ഇവിടെ ഉൾപ്പെടുത്തേണ്ടതാണ്. കാടിനോടും കടലിനോടും ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ കാറ്റും വന്യജീവി ആക്രമണങ്ങളും പ്രധാന പ്രശ്നങ്ങളായി ഉന്നയിക്കാം.



File No. DCWYD-4495/2026-DM1 (Computer No. 250169)




- **സ്കൂൾ പരിസരത്തെ സുരക്ഷാ പ്രശ്നങ്ങൾ/ അപകട സാധ്യതകൾ**

വീട്ടിൽ നിന്ന് യാത്രതിരിച്ച സ്കൂളിൽ എത്തിയതിനു ശേഷം കുട്ടികൾ ഏറ്റവും കൂടുതൽ സമയം ചിലവഴിക്കുന്നത് സ്കൂൾ കെട്ടിടത്തിലും സ്കൂൾ പരിസരങ്ങളിലുമാണ്. ഇതിൽ ശാരീരികമായുള്ള വിവിധ പരിപാടികളിൽ/ കളികളിൽ പങ്കെടുക്കുന്നത് സ്കൂൾ പരിസരങ്ങളിലാണ്. സുരക്ഷിത വിദ്യാലയ പരിസരം ഒരുക്കിക്കൊടുക്കുക എന്നത് സ്കൂൾ സുരക്ഷയുടെ ഭാഗമാണ്. ചുറ്റുമതിലിന്റെ അഭാവം, തെരുവുനായശല്യം, മരങ്ങൾ, മരച്ചില്ലകൾ, കുടിവെള്ള സ്രോതസ്സുകൾ, കുടിവെള്ള ലഭ്യത, മാലിന്യനിർമ്മാർജ്ജനം, കെട്ടിടനിർമ്മാണം, കല്ലുകൾ, കുഴികൾ, അടച്ചുറപ്പുള്ള മൂടിയില്ലാത്ത കിണറുകൾ തുടങ്ങിയുള്ള എല്ലാ സുരക്ഷാപ്രശ്നങ്ങളും അപകടസാധ്യതകളും ഈ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

- **കെട്ടിടത്തിനകത്തുള്ളതും കെട്ടിടവുമായി ബന്ധപ്പെട്ടതുമായ പ്രശ്നങ്ങൾ**

ക്ലാസ്സുകളിലാണ് കുട്ടികൾ ഏറ്റവും കൂടുതൽ സമയം ലവഴിക്കുന്നത് എന്നത് കൊണ്ട് തന്നെ സുരക്ഷ വളരെ പ്രധാനപ്പെട്ടതാണ്. കേരള വിദ്യാഭ്യാസ റൂൾസിൽ ഘടനാപരമായ എല്ലാ പ്രശ്നങ്ങളും അഭിസംബോധന ചെയ്യുന്നതുകൊണ്ടും ഇതിന്റെ ഭാഗമായി അധ്യയനവർഷാരംഭത്തിൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപങ്ങളിലെ എൻജിനീയർമാർ പരിശോധന നടത്തി നൽകണമെന്നു നിഷ്കർഷിച്ചിട്ടുള്ളത് കൊണ്ടും ഘടനാപരസുരക്ഷാപ്രശ്നങ്ങൾ എല്ലാം പരിഹരിക്കപ്പെടും എന്ന് കരുതുന്നു. എന്നാൽ കെട്ടിടത്തിന്റെ നിർമിതിയുടെ സുരക്ഷയുമായി നേരിട്ട് ബന്ധമില്ലാത്ത വിവിധ പ്രശ്നങ്ങളും ഇവിടെ ചേർക്കേണ്ടതാണ്. ജനാലകൾ, വാതിലുകൾ, ബഞ്ചുകൾ, ഡസ്കുകൾ, കസേരകൾ, മറ്റ് വൈദ്യുതോപകരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള സുരക്ഷാ പ്രശ്നങ്ങൾ ഈ ഗണത്തിൽ വരുന്നതാണ്.

- സ്കൂളുമായി ബന്ധപ്പെട്ടിട്ടുള്ള മറ്റ് ദുരന്തസാധ്യതകൾ

കാലാവസ്ഥയും പരിസ്ഥിതിയുമായുള്ള ബന്ധത്തിൽ വിവിധ ദുരന്തസാധ്യതകൾ വിദ്യാലയങ്ങൾ നേരിടുന്നുണ്ട്. പെട്ടെന്ന് ആഘാതങ്ങളുണ്ടാക്കുന്ന ദുരന്തസാധ്യതകളും വളരെ പതുക്കെ ആഘാതങ്ങൾ സൃഷ്ടിക്കുന്നവയും ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ ഒരു പട്ടിക തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഇവയിൽ പ്രാദേശികമായി വർഷം തോറും നേരിടേണ്ടി വരുന്നതും മുൻപ് ഏതെങ്കിലും വർഷങ്ങളിൽ ഉണ്ടായിട്ടുള്ളതുമായ എല്ലാ അപകടങ്ങളെയും ദുരന്തങ്ങളെയും ഉൾപ്പെടുത്തുന്നതും ഈ പട്ടിക സ്കൂൾ സുരക്ഷാ പദ്ധതി രേഖയുടെ ഭാഗമാക്കുന്നതുമാണ് അഭികാമ്യം.

## സ്കൂൾ ദുരന്തനിവാരണ/സുരക്ഷാ പദ്ധതി രേഖ – മാതൃക

1. School Name I സ്കൂളിന്റെ പേര്
2. Revenue District I റവന്യു ജില്ല
3. Educational District I വിദ്യാഭ്യാസ ജില്ല
4. Educational Sub district വിദ്യാഭ്യാസ ഉപജില്ല
5. Address I വിലാസം

6. Name of Headmaster /Headmistress/Principal
   പ്രധാന അധ്യാപകന്റെ / പ്രധാന അധ്യാപികയുടെ। പ്രിൻസിപ്പലിന്റെ പേര്

7. Name of the teacher In Charge of Disaster Management I School Safety I
   ദുരന്തനിവാരണത്തിന്റെ ചുമതലയുള്ള അധ്യാപകന്റെ / അധ്യാപികയുടെ പേര്

8. Total Male Staff Count
   ആകെ ആൺ ജീവനക്കാർ

9. Total female Staff Count
   ആകെ പെൺ ജീവനക്കാർ

10. Number of male teachers
    ആൺ അധ്യാപകരുടെ എണ്ണം

11. Number of female teachers
    പെൺ അധ്യാപകരുടെ എണ്ണം

12. Number of male non-teachers
    ആൺ അനധ്യാപകരുടെ എണ്ണം

13. Number of female non-teachers
    പെൺ അനധ്യാപകരുടെ എണ്ണം

14. Total number of male children
    ആകെ ആൺകുട്ടികൾ

15. Total number of female children
    ആകെ പെൺകുട്ടികൾ

16. Number of male school bus employees
    ആൺ ബസ് ജീവനക്കാരുടെ എണ്ണം

17. Number of female school bus employees
    പെൺ ബസ് ജീവനക്കാരുടെ എണ്ണം



File No. DCWYD/4495/2026-DM1 (Computer No. 250169)

18. Number of school buses
ബസുകളുടെ എണ്ണം തരം (മിനി/വാൻ) തിരിച്ച്
19. Total number of buildings
ആകെ കെട്ടിടങ്ങളുടെ എണ്ണം

20. Number of classrooms
ആകെ ക്ലാസ് മുറികളുടെ എണ്ണം

21. Number of Smart Classrooms
സ്മാർട്ട് ക്ലാസ് മുറികളുടെ എണ്ണം

22. Number of laboratories
ലാബുകളുടെ എണ്ണം

23. Number of computer labs
കമ്പ്യൂട്ടർ ലാബുകളുടെ എണ്ണം

24. Number of usable computers
ഉപയുക്തമായ കംപ്യൂട്ടറുകളുടെ എണ്ണം

25. Does the school have a first aid/medical care room?
സ്കൂളിൽ പ്രഥമശുശ്രൂഷ /ആരോഗ്യപരിചരണം എന്നിവയ്ക്ക് പ്രത്യേകം മുറിയുണ്ടോ?

26. Is a solar energy system available?
സൌരോർജ്ജ സംവിധാനം ലഭ്യമാണോ?

27. Brief description about the geography of the locality and hazard profile I
പ്രാദേശിക ഭൂമിശാസ്ത്ര സവിഷേഷതകളെക്കുറിച്ചും ബന്ധപ്പെട്ട അപകടസാധ്യതകളെക്കുറിച്ചുമുള്ള ചെറുവിവരണം

28. Is your school located in a coastal area or near to a coastal area? I
തീരദേശത്തോ സമീപപ്രദേശങ്ങളിലോ ആണോ സ്കൂൾ സ്ഥിതി ചെയ്യുന്നത്?

29. Distance from school to the adjacent coastal area I
സ്കൂളിൽ നിന്ന് തീരദേശത്തേക്കുള്ള ദൂരം?

30. Is your school located in a hilly region or near to a hilly region? I
മലയോര മേഘലയിലോ സമീപപ്രദേശങ്ങളിലോ ആണോ സ്കൂൾ സ്ഥിതി ചെയ്യുന്നത്?

31. Distance from school to the hilly area I
സ്കൂളിൽ നിന്ന് മലയോര മേഖലയിലേക്കുള്ള ദൂരം

Details about hazards I
അപകടസാധ്യതകെളക്കുറിച്ചുള്ള വിവരണം

32. A brief description of the disaster risk I hazards of the school and the terrain where the school is located I
സ്കൂളിലെയും സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശത്തെയും ദുരന്തസാധ്യതകളെയും വിപതുകളെയും പറ്റിയുള്ള ചെറു വിവരണം

33. A brief description of disasters happened in the past in relation to the school I
മുൻകാലങ്ങളിൽ സംഭവിച്ചിട്ടുള്ള ദുരന്തങ്ങളുടെ ഒരു ഹ്രസ്വവിവരണം

| ക്ര. ന. | ദുരന്തം/അപകടം | വർഷം | നാശനഷ്ടങ്ങൾ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

34. Hazard table (Information about the hazards and their probable month of occurrence)
അപകടസാധ്യതകളുടെ പട്ടികയും അവ നടക്കാനിടയുള്ള മാസങ്ങളും

| ക്ര. ന. | അപകട സാധ്യത | ജൂൺ | ജൂലൈ | ആഗ | സെപ് | ഒക്ടോ | നവ | ഡിസ | ജനു | ഫെബ്രു | മാർ | എപ്രി | മേയ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |

35. Details of children who need special attention (eg. differently abled) I
പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ വിശദ വിവരങ്ങൾ
(ഉദാ: ഭിന്നശേഷിക്കാർ)

| ക്ര.ന. | പേര് | ലിംഗം | ക്ലാസ് | മറ്റ് വിവരങ്ങൾ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |



File No. DCWYD/4495/2026-DM1 (Computer No. 250169)

Details about infrastructure and facilities I
നിർമിതികളെയും പശ്ചാത്തല സൗകര്യങ്ങളെയും കുറിച്ചുള്ള വിവരണം

36. കെട്ടിടങ്ങളുടെ വിവരം

| ക്രം. ന. | കെട്ടിടങ്ങളുടെ/ ബ്ലോക്കുകളുടെ പേര് | പെർമിറ്റ് നമ്പർ | തരം | പ്ലിന്ത് ഏരിയ (ചതു. അടി) | മുറികളുടെ എണ്ണം | ക്ലാസ് മുറികളുടെ എണ്ണം | മേൽക്കൂര തരം | കെട്ടിടത്തിന്റെ പഴക്കം (വർഷത്തിൽ) |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

37. Description of school buildings. Also assess whether the buildings can withstand disasters I

സ്കൂൾ കെട്ടിടങ്ങളെക്കുറിച്ചുള്ള ഒരു ചെറു വിവരണം. നിങ്ങളുടെ അഭിപ്രായത്തിൽ കെട്ടിടങ്ങൾക്ക് വിവിധ ദുരന്തങ്ങളെ ചെറുക്കാനുള്ള ക്ഷമത ഉണ്ടോ എന്ന് കൂടി രേഖപ്പെടുത്തുക

38. Is there a Hall/Auditorium available? / ഹാൾ അല്ലെങ്കിൽ ഓഡിറ്റോറിയം ഉണ്ടോ?
Area of auditorium? ഉണ്ടെങ്കിൽ ആകെ വിസ്തീർണ്ണം?
39. Is there an indoor stadium available? ഇൻഡോർ സ്റ്റേഡിയം ഉണ്ടോ?
Area of Indoor Stadium? ഇൻഡോർ സ്റ്റേഡിയം ആകെ വിസ്തീർണ്ണം ?
40. Is there a parking space available? വാഹന പാർക്കിംഗ് സൗകര്യം ലഭ്യമാണോ?
Area of Parking Space? വാഹന പാർക്കിംഗ് ആകെ വിസ്തീർണ്ണം ?
41. Details of Open spaces? തുറസ്സായ ഇടങ്ങളുടെ വിവരണം

| ക്ര. ന. | പേര് വിവരം | വിസ്തീർണ്ണം | കെട്ടിടങ്ങളിൽ നിന്നുള്ള ശരാശരി അകലം |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

Other Facilities I മറ്റ് സൗകര്യങ്ങൾ

42. Availability of Canteen facility I കാന്റീൻ സൗകര്യം ലഭ്യമാണോ?
43. Availability of hostel facility I ഹോസ്റ്റൽ സൗകര്യം ലഭ്യമാണോ?



File No. DCWYD/4495/2026-DM1 (Computer No. 250169)

44. Waste management system I മാലിന്യ സംസ്കരണ സംവിധാനം ലഭ്യമാണോ?
45. Is there a Biogas facility? ബയോഗ്യാസ് സൗകര്യം ലഭ്യമാണോ?
46. Is there a Rainwater harvesting facility available? I മഴവെള്ള സംഭരണ സൗകര്യം ഉണ്ടോ?
47. Drinking water facility I കുടിവെള്ള സ്രോതസ്സ് ഏതാണ്?
48. Are water reservoirs/ storage facilities available? I ജലസംഭരണ മാർഗങ്ങൾ ലഭ്യമാണോ?
49. How much storage capacity? സംഭരണ ശേഷി എത്ര ?
50. ജലപരിശോധന നടത്താറുണ്ടോ?
51. Availability of internet facility I ഇന്റർനെറ്റ് സൗകര്യം ലഭ്യമാണോ?
52. Number of working printers available I പ്രവർത്തനക്ഷമമായ പ്രിന്ററുകളുടെ എണ്ണം?
53. Number of smart classrooms available I സ്മാർട്ട് ക്ലാസ്മുറികളുടെ എണ്ണം
54. Number of usable toilets I ഉപയോഗക്ഷമമായ ശുചിമുറികളുടെ എണ്ണം
55. Number of toilets for boys I ആൺകുട്ടികൾക്കുള്ള ശുചിമുറികളുടെ എണ്ണം?
56. Number of toilets for girls I പെൺകുട്ടികൾക്കുള്ള ശിചിമുറികളുടെ എണ്ണം?
57. Date of last inspection of electrical wiring? സ്കൂളിലെ വൈദ്യുതി വയറിംഗ് അവസാനം പരിശോധിച്ച തീയതി?
58. Has the school conducted fire safety first aid training? I സ്കൂളിൽ അഗ്നിസുരക്ഷാ/ പ്രഥമശുശ്രൂഷാ പരിശീലനങ്ങൾ നടത്തിയിട്ടുണ്ടോ?
59. Are fire extinguishers available at the school? I അഗ്നിശമന ഉപകരണങ്ങൾ സ്കൂളിൽ ലഭ്യമാണോ?
60. Availability of serviceable fire extinguisher? Number? / പ്രവർത്തനസജ്ജമായ അഗ്നിശമന ഉപകരണങ്ങൾ ലഭ്യമാണോ? എത്ര?
61. Details of fire extinguishers I അഗ്നിശമന ഉപകരണങ്ങളുടെ വിശദവിവരം

| ക്രം. നം. | Installed location and other details I സ്ഥാപിക്കപ്പെട്ട ഇടം | Type I തരം | Expiry date I കാലഹരണപ്പെടുന്ന തീയതി | Proof of expiry I കാലഹരണപ്പെടുന്നതുമായി ബന്ധപ്പെട്ട തെളിവ് (photo) |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

Digitally signed by
SNEHIL KUMAR SINGH
Date: 17-07-2026
12:38:18